**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 562** **13-01-2021 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . കെ . ശശി | | **Shri E. P. Jayarajan**<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ എന്തെല്ലാം വികസനപ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംരംഭ സഹായ പദ്ധതി പ്രകാരം 21 യൂണിറ്റുകൾക്കും നാനോ (NANO) പദ്ധതി പ്രകാരം 1 യൂണിറ്റിനും സഹായം നൽകി. കൂടാതെ 12 സംരംഭകത്വ വികസന സെമിനാറുകൾ ഇക്കാലയളവിൽ സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) | ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംരംഭ സഹായ പദ്ധതി പ്രകാരം 21 യൂണിറ്റുകൾക്ക് 82,88,475/- രൂപയും നാനോ പദ്ധതി പ്രകാരം 1 യൂണിറ്റിന് 7266/- രൂപയും 12 സംരംഭകത്വ വികസന സെമിനാറുകൾക്ക് 90291/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ സംരംഭ സഹായ പദ്ധതി നൽകിയ യൂണിറ്റുകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഷൊർണ്ണൂർ വ്യവസായ പ്ലോട്ടിൽ 18-ഓളം സംരംഭകർക്ക് സ്ഥലം അനുവദിച്ച് ഉത്തരവായി. അതിൽ 1 യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. 4 യൂണിറ്റുകൾ പ്രവർത്തന സജ്ജമാവാൻ ഒരുക്കങ്ങൾ പൂർത്തിയാകുന്നു. ഷൊർണ്ണൂർ വ്യവസായ പ്ലോട്ടിൽ ഗാലയ്ക്ക് വേണ്ടി സ്ഥലം ഒരുക്കി നൽകി. 5 ഇ.ഡി ക്ലബ്ബുകൾ പ്രവർത്തനം തുടരുന്നു. |

സെക്ഷൻ ഓഫീസർ